ഉത്തരം

(എ) ഉണ്ട്.

(ബി) 820 ലക്ഷം രൂപ.

(സി) ഉണ്ട്.

(ഡി) 163.27 ലക്ഷം രൂപ.

മാട്ടറ–കാലാങ്കി റോഡ്

59 [101] ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ റോഡ് സ്കീമിൽപ്പെടുത്തി മെറ്റലിംഗ് പൂർത്തിയായ കണ്ണൂർ ജില്ലയിലെ മാട്ടറ-കാലാങ്കി റോഡ് ടാറിംഗ് നടത്തണമെന്ന് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു;

(സി) ടാറിംഗ് നടക്കാത്തതിനാൽ ഈ റോഡ് തികച്ചും യാത്രായോഗ്യമല്ലെന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ടാറിംഗിന്റെ ടെണ്ടർ റദ്ദായിപ്പോയ സാഹചര്യത്തിൽ പ്രസ്തുത വർക്ക് വീണ്ടും ടെണ്ടർ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റോഡുപണിക്കുള്ള 18.73 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഭരണാനുമതിക്കായി ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ട്.

(സി) ഇപ്രകാരം പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

(ഇ) ഭരണാനുമതി നൽകിക്കഴിഞ്ഞ ശേഷമേ ടെണ്ടർ ചെയ്യുന്ന കാര്യം പരിഗണിക്കാൻ കഴിയൂ.

എട്ടുമുന ഭാഗത്തെ റോഡ് കൈയേറ്റം

60 [103] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് ബി ആൻറ് ആർ. അസിസ്റ്റൻറ് എഞ്ചിനീയറുടെ കീഴിലുള്ള തേവർ റോഡിന്റെ എട്ടുമുന ഭാഗത്തും ഇരിങ്ങാലക്കുട റോഡിന്റെ ആരംഭത്തിലുമുള്ള കയ്യേറ്റങ്ങൾ മൂലം വാഹനങ്ങൾക്കും മനുഷ്യർക്കും പോകാൻ പറ്റാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് അടിയന്തിര പരിഹാരം കാണാനായി കയ്യേറ്റക്കാരെ ഒഴിപ്പിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly